പാസഞ്ചർ കപ്പാസിറ്റിയിൽ കൂടുതൽ യാത്രക്കാർ ബോട്ടിൽ കയറുന്നത് തടയുന്നതിനു ഉള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. എല്ലാ യാത്രക്കാർക്കും ബോട്ടു ജീവന ക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം നാലു പുതിയ ബോട്ടുകൾ സർവ്വീസിന് ഇറക്കിയിട്ടുണ്ട് ആധുനിക സംവിധാനത്തോടുകൂടിയ ഒരു സ്ലിപ്പ്വേ തേവരയിൽ നിർമ്മിച്ചു കഴിഞ്ഞു

(ബി) ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് അത്തരം ചർച്ചകൾ നടത്തിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

## കെ.എസ്.ഡബ്ല്യു.റ്റി.ഡി. യാത്രാ ബോട്ടുകൾ

91 [529] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ മാസത്തിനു ശേഷം കെ.എസ്.ഡബ്ല്യു.റ്റി.ഡി. എത്ര യാത്രാ ബോട്ടുകൾ സർവ്വീസിനിറക്കി;

(ബി) 15 വർഷത്തിലേറെ പഴക്കമുള്ള എത്ര യാത്രാ ബോട്ടുകളാണ് കെ.എസ്.ഡബ്ല്യു.റ്റി.ഡി. സർവ്വീസ് നടത്തുന്നത്;

(സി) കെ.എസ്.ഡബ്ല്യു.റ്റി.ഡി. അവസാനമായി യാത്രാ ബോട്ടുകൾ വാങ്ങിയത് എന്നാണ്; എത്ര എണ്ണം വാങ്ങിയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പുതിയ 4 ബോട്ടുകൾ.

(ബി) 17 എണ്ണം.

(സി) 27-4-2003-ൽ 150 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പുതിയ തടി ബോട്ടു വാങ്ങി.

LIBRARY ARCHIVES Kerala Legislative Assembly